# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.679 | 04.03.2020-ൽ മറുപടിയ്ക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എം.നൗഷാദ് | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ് നല്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | സ.ഉ(അച്ചടി) നമ്പർ 50/2009/പജപവവിവ തീയതി: 2.7.2009 ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത്. |
| (ബി) | നിലവിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എത്ര വിദ്യാർത്ഥികളാണ് സ്റ്റൈപൻഡിന് അർഹരായിട്ടുള്ളതെന്നും, അതിനായി എത്ര തുകയാണ് പ്രതിവർഷം സംസ്ഥാന സർക്കാർ വകയിരുത്തുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | 2019-20-ൽ നാളിതുവരെയായി എസ്.സി വിഭാഗത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന 1,29,378 വിദ്യാർത്ഥികൾക്കും എസ്.റ്റി വിഭാഗത്തിൽപ്പെട്ട 16,329 വിദ്യാർത്ഥികൾക്കും സ്റ്റൈപൻഡ് തുക നൽകിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് ആനുകൂല്യ വിതരണത്തിനായി നടപ്പ് വർഷം 2225-01-227-98 (P) ശീർഷകത്തിൽ 170 കോടി രൂപയും, 225-01-227-53 (P) ശീർഷകത്തിൽ 51.71 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.<br>പട്ടികവർഗ്ഗ വിഭാഗത്തിന് 51.3 കോടി രൂപയാണ് ഈയിനത്തിൽ വകയിരുത്തിയിട്ടുള്ളത്. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ് നിഷേധിക്കപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ് നിഷേധിക്കപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ സർക്കാർ സ്വാശ്രയകോളേജുകളിലെ ഗ്രാജ്വേറ്റ്/ പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ വിദ്യാർത്ഥികൾ സ്റ്റൈപൻഡിന് അർഹരാകാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ? | (ഡി) | സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ സ്റ്റൈപൻഡ് അനുവദിക്കുന്നുണ്ട്.<br>സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ ഒഴികെയുള്ള ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**